മീസിൽസ് നിർമ്മാർജ്ജനം ചെയ്യുന്നതിനും റുബെല്ല നിയന്ത്രിക്കുന്നതിനുമായി രാജ്യത്താകമാനം നടത്തുന്ന മീസിൽസ്-റുബെല്ല പ്രതിരോധ യജ്ഞത്തോടൊപ്പം കേരളത്തിലും ഒക്ടോബർ മൂന്നു മുതൽ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

നടത്തിപ്പിനായി കൃത്യമായ ആസൂത്രണം നടത്തുകയും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, ചിട്ടയായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

എന്നാൽ ചില തൽപര കക്ഷികൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ അസത്യ പ്രചരണങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പൊതുജനതാല്പര്യാർത്ഥം ഒരു കാരണവശാലും പ്രചാരണം ലഭിക്കുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെയോ, മറ്റു തരത്തിലോ പ്രചരിപ്പിക്കരുതെന്ന് ജില്ലാ ഭരണകൂടം അഭ്യർത്ഥിക്കുന്നു.

കൂടാതെ ഇത്തരത്തിലുള്ള വാർത്തകൾ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലോ, ജില്ലാ ഭരണകൂടത്തേയോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Control Room Nos:-**

**DMO - 2252329, 2251650**
**Collectorate - 2238630**
**Toll free No - 1077**